LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ രാഷ്ട്രീയ കൊലപാതകങ്ങളും കേസുകളും

68. [68] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ സംസ്ഥാനത്ത് എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

(ബി) ഇതിൽ മരണമടഞ്ഞവരുടെ രാഷ്ട്രീയ ബന്ധങ്ങൾ എന്തെല്ലാം;

(സി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഏതെല്ലാം കേസുകളിലെ പ്രതികളെയാണ് ഇനിയും അറസ്റ്റ് ചെയ്യുവാനുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ കാലയളവിൽ സംസ്ഥാനത്ത് 49 കേസുകളിലായി 52 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.†

(സി) 49 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) വിശദവിവരം അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു.††

സംസ്ഥാനത്തെ കൊലപാതകങ്ങൾ

69. [69] ശ്രീ. വി. കെ. ചന്ദ്രൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 2006 ജനുവരി വരെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഇതിൽ സ്ത്രീകൾ, പുരുഷൻമാർ, കുട്ടികൾ എന്നിവർ എത്ര വീതം എന്ന് പറയാമോ;

(സി) ഇതിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീ പുരുഷൻമാർ എത്രവീതം;

(ഡി) എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഇ) എത്ര കേസുകളിൽ പ്രതികളെ കണ്ടെത്തി ശിക്ഷ നൽകാൻ കഴിഞ്ഞിട്ടുണ്ട്?

---

†, †† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ)	2003 മകൊലപാതകങ്ങൾ നടന്നിട്ടുണ്ട്.		
(ബി)	സ്ത്രീകൾ	:	472
	പുരുഷന്മാർ	:	1196
	കുട്ടികൾ	:	335
(സി)	സ്ത്രീകൾ	:	68
	പുരുഷന്മാർ	:	91
(ഡി)	1884 കേസുകൾ		
(ഇ)	122 കേസുകളിൽ		

അഞ്ചങ്ങാടി സുലോചന വധക്കേസ് അന്വേഷണം

70. [70] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അഞ്ചങ്ങാടി സുലോചന വധക്കേസിൽ അന്വേഷണ ചുമതല കുന്ദംകുളം ഡി. വൈ. എസ്. പി.-ക്ക് നൽകുവാൻ മുഖ്യമന്ത്രി തൃശ്ശൂർ മേഖലാ ഡി. ഐ. ജി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ എന്നാണ് നിർദ്ദേശം നൽകിയത് എന്ന് വ്യക്തമാക്കുമോ;

(സി) ഇതിൻ പ്രകാരം ഡി. ഐ. ജി. എസ്. പി.-ക്ക് നിർദ്ദേശം നൽകിയ തീയതി വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിർദ്ദേശം എസ്. പി. നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപ്പിലാക്കിയ തീയതി വെളിപ്പെടുത്തുമോ;

(ഇ) ഇക്കാര്യത്തിൽ ഉണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ—ഇ) തൃശ്ശൂർ ജില്ലയിലെ അഞ്ചങ്ങാടി സുലോചന വധക്കേസ്സ് ആക്ഷൻ കമ്മിറ്റി തൃശ്ശൂർ മേഖലാ പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ മുമ്പാകെ നൽകിയ പരാതിയിന്മേൽ കേസിന്റെ അന്വേഷണത്തിന് കുന്ദംകുളം ഡി. വൈ. എസ്. പി. ശ്രീ. ഉണ്ണിരാജനെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിൽ ഉൾപ്പെടുത്തുവാൻ തൃശ്ശൂർ റേഞ്ച് പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ 2-1-2006-ൽ തൃശ്ശൂർ ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം 7-1-2006-ൽ തൃശ്ശൂർ ജില്ലാ പോലീസ് സൂപ്രണ്ട് നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ കാലതാമസം ഉണ്ടായതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly